(ജി) ഉണ്ട്. വികേന്ദ്രീകൃതാസൂത്രണത്തെ മുന്നോട്ടു കൊണ്ടുപോകുന്നതിന് ഈ സെമിനാർ അത്യധികം പ്രയോജനപ്പെട്ടു. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി കേരളത്തിൽ നടന്നിട്ടുള്ള 250-ൽപ്പരം മാതൃകാ വികസനപ്രവർത്തനങ്ങളെ ചിട്ടയായി ഡോക്യുമെന്റ് ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഈ മാതൃകകളെ കൂടുതൽ തദ്ദേശഭരണസ്ഥാപനങ്ങളിൽ പകർത്തുന്നതിന് സെമിനാർ പ്രചോദനമായി. വികേന്ദ്രീകൃതാസൂത്രണത്തെ വ്യവസ്ഥാപിതമാക്കാനുള്ള ഭരണപരിഷ്കാരങ്ങൾ സർക്കാർ നടത്തി. ഇതിന് മറ്റ് രാജ്യങ്ങളുടേയും സംസ്ഥാനങ്ങളുടെയും അനുഭവങ്ങൾ സഹായകമായി. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭൗതികനേട്ടങ്ങൾ ക്രോഡീകരിക്കുന്നതിന് സെമിനാർ പ്രയോജനപ്പെട്ടു.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

സ്വിസ് ഏജൻസിയിൽനിന്ന് ലഭിച്ച തുക 'കില'-ക്ക് നൽകിയ നടപടി

113 (4548) ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് സ്വിസ് ഏജൻസി ഫോർ ഡെവലപ്മെന്റ് ആന്റ് കോ-ഓപ്പറേഷൻ സംസ്ഥാനത്തിന് നൽകിയ തുക സംസ്ഥാനം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന് കൈമാറി കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത ഉത്തരവിന്റെ കോപ്പി മേശപ്പുറത്തുവയ്ക്കുമോ ;

(സി) ഈ തുക സംസ്ഥാന സർക്കാരിന് കിട്ടിയതും സംസ്ഥാന സർക്കാർ അത് 'കില'-ക്ക് കൊടുത്തതും സംബന്ധിച്ച വിവരം കണക്കുകളിൽ വന്നിട്ടുണ്ടോ ;

(ഡി) എങ്കിൽ എപ്രകാരമാണെന്ന് വിശദീകരിക്കുമോ ;

(ഇ) ഇല്ലെങ്കിൽ കിട്ടിയതുക ശരിയായരീതിയിൽ അക്കൗണ്ട് ചെയ്യാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഗവൺമെന്റ് ഈ തുക കിലയ്ക്ക് കൊടുത്തത് എന്തെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിലായിരുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എസ്.ഡി.സി.-യുടെ സഹായം കിലയ്ക്ക് നേരിട്ടാണ് നൽകിയത്.

(ബി-ഡി) പ്രസക്തമല്ല.

(ഇ) കിട്ടിയ തുക ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്.

(എഫ്) ഗവൺമെന്റ് കിലയ്ക്ക് തുക കൊടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly